ഉത്തരം

(എ) 8-12-2014 തീയതി പ്രകാരം 71 പേർ.

വിവിധ ജയിലുകളിൽ കഴിയുന്ന വിദേശികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

സെൻട്രൽ ജയിൽ, തിരുവനന്തപുരം	- 11
സെൻട്രൽ ജയിൽ, കണ്ണൂർ	- 2
സെൻട്രൽ ജയിൽ, വിയ്യൂർ	- 43
ജില്ലാ ജയിൽ, കോഴിക്കോട്	- 7
സ്പെഷ്യൽ സബ് ജയിൽ, പൊൻകുന്നം	- 1
സ്പെഷ്യൽ സബ് ജയിൽ, കോട്ടയം	- 1
വനിതാ ജയിൽ, തിരുവനന്തപുരം	- 1
വനിതാ ജയിൽ, വിയ്യൂർ	- 4
സബ് ജയിൽ, ആലുവ	- 1
ആകെ	71

ശിക്ഷാ കാലാവധി പൂർത്തിയാക്കി മോചനം കാത്ത് ജയിലിൽ കഴിയുന്ന 3 വിദേശികൾ ഉണ്ട്.

ജയിലുകളിൽ തടവുകാരെ മർദ്ദിച്ചതായുള്ള പരാതി

265(3897) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം ജയിലുകളിലാണ് തടവുകാരെ മർദ്ദിച്ചതായുള്ള പരാതി ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ജയിലിനകത്ത് തടവുകാർക്ക് മർദ്ദനം ഏൽക്കുന്നത് കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ ;

(ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സെൻട്രൽ ജയിൽ വിയ്യൂർ, മൂവാറ്റുപുഴ, ഇരിങ്ങാലക്കുട, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നീ സ്പെഷ്യൽ സബ് ജയിലുകൾ എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നീ ജില്ലാ ജയിലുകളിലുമാണ് തടവുകാരെ മർദ്ദിച്ചതായുള്ള പരാതി ഉണ്ടായിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തടവുകാരെ മർദ്ദിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ആലപ്പുഴ ജില്ലാ ജയിലിൽ വിചാരണ തടവുകാരനായ യു.ടി.നമ്പർ 7033 അജേഷ് എന്ന പ്രതിയെ മർദ്ദിച്ചു എന്ന പരാതിയിന്മേൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായ ശ്രീ. കെ. വിനോദ് കുമാർ, ശ്രീ. പി. രതീഷ്, ശ്രീ. സെബാസ്റ്റ്യൻ.പി.എക്സ് എന്നിവരെ സ്ഥലംമാറ്റിയിട്ടുണ്ട്.

കൊല്ലം ജില്ലാ ജയിലിൽ തടവുകാരനെ മർദ്ദിച്ചു എന്ന പരാതിയിന്മേൽ ബന്ധപ്പെട്ട ഓഫീസർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിൽ യു.ടി. 2382 രാജേഷ്, യു.ടി. 2385 ഗിരീഷ് കുമാർ എന്നീ തടവുകാരെ മർദ്ദിച്ചതായുള്ള പരാതിൻമേൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

തടവുകാരോടുള്ള വർഗ്ഗീയ പീഡനം

266 (3900) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലിനുള്ളിൽ ജയിലധികൃതർ തടവുകാരോട് വർഗ്ഗീയമായി പെരുമാറുന്നത് സംബന്ധിച്ച് സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ നിരീക്ഷണം നടത്തിയിട്ടുള്ളതായി അറിയുമോ ;

(ബി) ഇപ്രകാരം വർഗ്ഗീയമായ ചേരിതിരിവുണ്ടാക്കാനുള്ള ശ്രമങ്ങളെ ആരംഭത്തിൽ തന്നെ ഇല്ലാതാക്കാനുള്ള നടപടി സ്വീകരിക്കുമോ ?